## വിക്ടേർസ് ചാനലിൽ വന്ന മലയാളം ക്ലാസ്സുകളുടെ ഉള്ളടക്കവും തുടർ പ്രവർത്തനങ്ങളും

23 - 12 - 2020

കേരള പാഠാവലി- X

### യുദ്ധത്തിന്റെ പരിണാമം-01

മൂന്നാമത്തെ യൂണിറ്റിന്റെ പേരും - സംഘർഷങ്ങൾ സങ്കീർത്തനങ്ങൾ - പ്രലോഭനം എന്ന പാഠഭാഗത്തിന്റെ കഥാംശവും ഓർമ്മപ്പെടുത്തി.

മഹാഭാരതം എന്ന ഇതിഹാസ കാവ്യത്തെ ഉപജീവിച്ച് കൊണ്ട് എഴുതപ്പെട്ടവയാണ് യൂണിറ്റിലെ ആദ്യ രണ്ട് പാഠഭാഗങ്ങൾ എന്ന് ചൂണ്ടിക്കാട്ടി.

എന്താണ് ഇതിഹാസം എന്ന് നിർവചിച്ചു.

■പുരുഷാർത്ഥങ്ങളായ ധർമ്മം, അർത്ഥം, കാമം, മോക്ഷം, എന്നിവയെ കഥാരൂപത്തിലും ഉപദേശ രൂപത്തിലും അവതരിപ്പിക്കുന്നതാണ് ഇതിഹാസം.

ഗ്രീക്ക് ഇതിഹാസ കാവ്യങ്ങളായ ഇലിയഡ്, ഒഡീസി എന്നിവയേയും ഭാരതേതിഹാസ കാവ്യങ്ങളായ രാമായണം, മഹാഭാരതം എന്നിവയെയും പരിചയപ്പെടുത്തി.

■മഹാഭാരതം

ഏറ്റവും വലിയ ഇതിഹാസ കാവ്യം.

പഞ്ചമവേദം എന്നറിയപ്പെടുന്നു.

മഹാഭാരത കഥ സംക്ഷിപ്തമായി പറഞ്ഞു.

(കുരുക്ഷേത്ര യുദ്ധത്തിന്റെ കാരണങ്ങൾ)

സഹോദര പുത്രന്മാരായ പാണ്ഡവരും കൗരവരും രാജ്യത്തിനു വേണ്ടി നടത്തിയ മഹായുദ്ധവും അതിന്റെ ദുരന്ത പര്യവസാനവുമാണ് മഹാഭാരതകഥ പറയുന്നത്.

മഹാഭാരതത്തിന്റെ ആദ്യത്തെ പേര് ജയം എന്നാണെന്ന് ഓർമ്മപ്പെടുത്തി.

സംഖ്യാനാമപ്രകാരം ജയം എന്ന പദം 18 എന്ന സംഖ്യയെ കുറിക്കുന്നു

■മഹാഭാരതത്തിൽ 18 എന്ന സംഖ്യയ്ക്കുള്ള പ്രാധാന്യം വ്യക്തമാക്കി

■ 18 ദിവസമാണ് കുരുക്ഷേത്ര യുദ്ധം നടന്നത്

■ മഹാഭാരത്തിൽ 18 പർവ്വങ്ങളാണുള്ളത്

■ മഹാഭാരത യുദ്ധത്തിൽ പങ്കെടുത്ത അക്ഷൗഹിണിപ്പടയുടെ എണ്ണം 18 ആണ് .

മനുഷ്യ മനസ്സിൽ ഉടലെടുക്കുന്ന യുദ്ധങ്ങളെ കുറിച്ചും അതിന്റെ പരിണിത ഫലങ്ങളെക്കുറിച്ചും ക്രാന്തദർശയായ കവി നേരത്തേ എഴുതിയതിനാൽ മഹാഭാരതത്തെ കാലാതിവർത്തിയായ കാവ്യമെന്നും വ്യാസനെ കാലാതീതനായ കവിയെന്നും വിളിക്കാം എന്ന് പ്രസ്താവിച്ചു.

മഹാഭാരതത്തെ ഉപജീവിച്ച് എഴുതപ്പെട്ട സാഹിത്യകൃതികൾ ഓർമ്മപ്പെടുത്തി.

■നളചരിതം ആട്ടക്കഥ ( പ്രലോഭനം) - ഉണ്ണായി വാര്യർ

■അഭിജ്ഞാന ശാകുന്തളം (ഋതുയോഗം ) - കാളിദാസൻ

■ഇനി ഞാൻ ഉറങ്ങട്ടെ (ധർമ്മിഷ്ഠനായ രാധേയൻ) - പി കെ ബാലകൃഷ്ണൻ

■രണ്ടാമൂഴം -എം ടി വാസുദേവൻ നായർ

■യയാതി -വി എസ് ഖാണ്ഡേക്കർ
■കർണ്ണഭൂഷണം -ഉള്ളൂർ എസ് പരമേശ്വരയ്യർ
■ദുര്യോധനൻ -ആനന്ദ് നീലകണ്ഠൻ .
 കുട്ടികൃഷ്ണമാരാരെയും ഭാരതപര്യടനം എന്ന കൃതിയേയും പരിചയപ്പെടുത്തി.

■മഹാഭാരത കഥയെയും കഥാപാത്രങ്ങളെയും വിമർശനാത്മകമായി വിലയിരുത്തുന്ന കൃതിയാണ് ഭാരതപര്യടനം.
■വ്യാസൻ മൗനം പാലിച്ച ഇടങ്ങളെ മാരാർ പൂരിപ്പിക്കുന്നു.
■മഹാഭാരതത്തെ അതിസൂക്ഷ്മമായും വിമർശനാത്മകമായും വിലയിരുത്തുന്ന കൃതിയാണ് ഭാരതപര്യടനം.
പാഠഭാഗത്തിന്റെ തലവാചകം ശ്രദ്ധയിൽ കൊണ്ടുവരികയും അതിന്റെ സവിശേഷതയെ വ്യക്തമാക്കുകയും ചെയ്തു.
- യുദ്ധത്തിന്റെ പരിണാമം -
■ ലേഖനത്തിന്റെ കേന്ദ്രാശയത്തെക്കുറിച്ച് ശക്തവും സംക്ഷിപ്തവുമായ സൂചന നൽകുന്നതാണ് തലവാചകം.
പാഠഭാഗത്തെ ആദ്യ രണ്ട് ഖണ്ഡികകൾ വായിക്കുകയും വിശദീകരിക്കുകയും ചെയ്തു.
■മഹാഭാരത യുദ്ധം ആരംഭിക്കുന്നത് രണ്ടു ചേരിക്കാരും തമ്മിൽ ഉണ്ടാക്കിയ നിരവധി കരാറുകൾ പ്രകാരമായിരുന്നു
കുറ്റമറ്റ ഒരു ധർമ്മയുദ്ധമാണ് നടക്കാൻ പോകുന്നത് എന്നതിന്റെ എല്ലാ സൂചനയും ആ ഉടമ്പടിയിൽ ഉണ്ടായിരുന്നു.
പ്രശ്നപരിഹാരത്തിനു വേണ്ടി യുദ്ധം ചെയ്യുകയും അങ്കം വെട്ടുകയും ചെയ്യുന്ന രീതി വടക്കൻപാട്ടുകളിൽ അടക്കം നമുക്ക് കാണാവുന്നതാണ്.
ഇവിടെ രാജ്യാധികാരത്തിന് വേണ്ടിയുള്ള ധർമ്മയുദ്ധമാണ് നടക്കുന്നത്.ജയിച്ചവർക്ക് രാജ്യം ലഭിക്കും.
■കുറ്റമറ്റ ധർമ്മയുദ്ധം ! എന്ന പ്രയോഗത്തിന് ശേഷം ആശ്ചര്യ ചിഹ്നം ചേർത്തത് , ധർമ്മ വഴിയിൽ ആയിരുന്നില്ല യുദ്ധം നടന്നത് എന്നതിന്റെ സൂചനയാണ്.
■യുദ്ധത്തിന്റെ ആദ്യദിവസങ്ങളിൽ ഈ കരാറുകളെല്ലാം ഏറെക്കുറെ പാലിക്കപ്പെട്ടുവെങ്കിലും പിന്നീട് അതുമിതുമായി ലംഘിക്കപ്പെട്ടുതുടങ്ങി.
കൗരവ പക്ഷത്തെ മഹാരഥൻമാരിൽ പലരെയും പാണ്ഡവർ വീഴ്ത്തിയത് യുദ്ധ ധർമ്മത്തിന് എതിരായിട്ടാണ്.
 യുദ്ധധർമ്മം തെറ്റിച്ച് കൗരവ പക്ഷത്തെ മഹാരഥന്മാരെ വീഴ്ത്തിയതിന് ചില ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടി.
■ ഭീഷ്മർ :

ശിഖണ്ഡിയെ പരിച പോലെ മുന്നിൽ നിർത്തിയാണ് അർജ്ജുനൻ ഭീഷ്മരെ ശരശയ്യയിൽ വീഴ്ത്തുന്നത്.

■ദ്രോണർ :

പ്രിയ പുത്രനായ അശ്വത്ഥാമാവ് മരണപ്പെട്ടു എന്ന് കളവ് പറയുകയും ആ വാർത്ത കേട്ടപ്പോഴുള്ള  ദ്രോണരുടെ വൈകാരികമായ തളർച്ചയെ മുതലെടുത്തുകൊണ്ട് ധൃഷ്ടദ്യുമ്നൻ അദ്ദേഹത്തെ വധിക്കുകയും ചെയ്തു.

■കർണൻ:

യുദ്ധഭൂമിയിലെ ചോരച്ചാലിൽ ആണ്ടുപോയ രഥചക്രം  ഉയർത്താൻ ശ്രമിക്കുന്നതിനിടയിലാണ് അർജ്ജുനൻ പിറകിൽ നിന്നും അമ്പെയ്ത് കർണനെ വധിക്കുന്നത്.

■ദുര്യോധനൻ :

ഗദാ യുദ്ധത്തിന്റെ നിയമങ്ങൾ തെറ്റിച്ചുകൊണ്ടാണ് ഭീമൻ കൗരവ രാജാവായ ദുര്യോധനനെ തുടക്കടിച്ച് വീഴ്ത്തുന്നത്.

വല്ലപാടും നേടിയ വിജയം എന്നാണ് മാരാർ പാണ്ഡവരുടെ ജയത്തെ വിശേഷിപ്പിക്കുന്നത്.

■ പാണ്ഡവർ യുദ്ധത്തിന്റെ ഉടമ്പടികൾ തെറ്റിക്കുകയും ധർമ്മം വെടിഞ്ഞ് വിജയിക്കുകയും ചെയ്തു എന്നതിന്റെ സൂചനയാണിത്.

 പാഠഭാഗത്തെ മൂന്നാമത്തെ ഖണ്ഡിക വായിച്ച് വിശദീകരിച്ചു.

■തുടചടഞ്ഞ്, മേലാകെ മണ്ണു പുരണ്ട്  പടക്കളത്തിൽ വീണുകിടക്കുന്ന ദുര്യോധനന്റെ സമീപത്തേക്ക് സഞ്ജയൻ എത്തുന്നതും ( അന്ധനായ ധൃതരാഷ്ട്രർക്ക് യുദ്ധഭൂമിയിലെ കാര്യങ്ങൾ വിവരിച്ച് കൊടുക്കുന്നത് സഞ്ജയനാണ് )

കണ്ണിൽ കോപാശ്രു നിറച്ചു കൊണ്ടും  പാമ്പിനെപ്പോലെ ചീറ്റിക്കൊണ്ടും ദുര്യോധനൻ സഞ്ജയനനോട് സംസാരിക്കുന്നതുമായ ഭാഗമാണിത്.

 സമന്തപഞ്ചകത്തിൽ മരണത്തെ കാത്തു കിടക്കുന്ന സമയത്തും  ദുര്യോധനൻ പ്രകടിപ്പിക്കുന്ന ആഭിജാത്യവും ഹൃദയോന്നതിയും  വിശദീകരിച്ചു.

ദുര്യോധനൻ സഞ്ജയനോട്  പറയുന്നത് :

■ഭീഷ്മർ , കർണ്ണൻ , ദ്രോണർ  മുതലായവരൊക്കെ ഉണ്ടായിരുന്നിട്ടും പതിനൊന്ന് അക്ഷൗഹിണിപ്പട ഉണ്ടായിരുന്നിട്ടും ഞാൻ ഈ നിലയിലായി.

കാലത്തെ ആർക്കും കവച്ചു കടക്കാൻ സാധിക്കില്ല.

■ഭീമൻ മുറ തെറ്റിച്ചാണ് എന്നെ വീഴ്ത്തിയത്.പല കടുംകൈകളും പാണ്ഡവർ ചെയ്തിട്ടുണ്ട്.അധർമ്മം കൊണ്ട് ജയിച്ചതിനാൽ സജ്ജനങ്ങൾക്കിടയിൽ അവർക്ക് മമതയുണ്ടാകില്ല.

■തുട ചതഞ്ഞു വീണ എന്റെ തലയിൽ ഭീമൻ ചവിട്ടി .

■ഞാൻ യജ്ഞം ചെയ്ത് ഭരിക്കേണ്ടവരെ ഭരിച്ചു. ഭൂമി അടക്കിവാണു. ശത്രുക്കളുടെ തലയിൽ കാൽ വച്ചു . പ്രധാന രാജാക്കന്മാരുടെ മേൽകോയ്മ നടത്തി. സുദുർലഭമായ മാനം നേടി. ലക്ഷണമൊത്ത കുതിരകളിൽ യാത്ര ചെയ്തു.
ഭാഗ്യവശാൽ ഞാൻ ശത്രുക്കൾക്ക് കീഴടങ്ങിയിട്ടല്ല അവർ ജയിച്ചത്.
ആർക്കുള്ളൂ എന്റെതിനേക്കാൾ നല്ല അവസാനം .
■ഉറങ്ങുമ്പോഴോ ഓർക്കാപ്പുറത്തോ കൊല്ലുമ്പോലെയാണ് , വിഷം തന്ന് കൊല്ലും പോലെയാണ് എന്നെ കൊന്നത്. പലതവണ അധർമ്മം ചെയ്ത പാണ്ഡവരെ വിശ്വസിച്ച് പോകരുത്.
ആസന്നമരണനായപ്പോഴും ദുര്യോധനൻ തന്റെ പ്രൗഢിയെയും ആഭിജാത്യത്തെയും കൈവിടുന്നില്ല.
മർത്ത്യജീവിതത്തിന്റെ നശ്വരതയേയും നിരർത്ഥകതയേയും വിധിയുടെ ഇടപെടലുകളെയും ദുര്യോധനൻ ചൂണ്ടിക്കാട്ടുന്നു.
- രാജാവായിട്ടും എനിക്കിത് സംഭവിച്ചു. കാലത്തെ മറികടക്കാനാവില്ലല്ലോ -
 ദുര്യോധനൻ ജനങ്ങളോട് പറയുന്നത് :
■എന്റെ സഹോദരി ദുശ്ശള , അവളുടെ ഭർത്താവും സഹോദരന്മാരും മരിച്ചത് കേട്ട് കരഞ്ഞു കരഞ്ഞ് എന്താവുമോ, ആവോ ! .
■മക്കളുടെയും അവരുടെ മക്കളുടെയും ഭാര്യമാരോട് കൂടി എന്റെ അച്ഛനും അമ്മയും എങ്ങനെ കഴിഞ്ഞു കൂടുമോ , ആവോ !
( ആണായി ആരും അവശേഷിക്കുന്നില്ല എന്നതിന്റെ സൂചന )
■ഭർത്താവും മകനും (ലക്ഷണൻ) മരിച്ചുപോയ എന്റെ ഭാര്യ പെട്ടെന്ന് തന്നെ മരിച്ചു പോകും.
 മറ്റെന്തിനെ കുറിച്ച് ആലോചിക്കുന്നതിനും മുമ്പ് തന്റെ സഹോദരിയെ കുറിച്ചും അച്ഛനമ്മമാരെ കുറിച്ചും ഭാര്യയെ കുറിച്ചും ഓർത്ത് വിലപിക്കുന്ന ദുര്യോധനൻ ബന്ധു ജനങ്ങൾക്കിടയിൽ എത്രമാത്രം ആദരണീയനായിരിക്കുമെന്ന് നമുക്ക് ഊഹിക്കാൻ സാധിക്കുന്നു.
ദുര്യോധനന്റെ വിലാപം കേട്ട ജനങ്ങൾ കണ്ണുനിറച്ച് അങ്ങുമിങ്ങും പാഞ്ഞു പോയി എന്നാണ് പറയുന്നത്.
പ്രജകൾക്കിടയിൽ ഇഷ്ടവും മതിപ്പും ഉള്ള രാജാവായിരുന്നു ദുര്യോധനൻ എന്നതിന് തെളിവാണ് ഈ കാഴ്ച.
പ്രകൃതി പോലും ദുര്യോധനന്റെ ഈ അവസ്ഥയിൽ സങ്കടപ്പെടുന്നുണ്ട് .ഭൂമിയാകെ കലുങ്ങുകയും ദിക്കുകൾ മങ്ങുകയും ചെയ്തു എന്നാണ് വിവരണം.
 കൗരവപ്പടയിൽ മരിക്കാതെ ശേഷിച്ച കൃപർ, കൃതവർമ്മാവ്, അശ്വത്ഥാമാവ് എന്നിവരോട് ദുര്യോധനൻ സംസാരിക്കുന്ന ഭാഗം വിശദീകരിച്ചു.
 ആശ്വത്ഥാമാവിനെ ആശ്വസിപ്പിച്ച് കൊണ്ട് ദുര്യോധനൻ പറയുന്ന വാക്കുകൾ .
■ഇതു തന്നെയാണ് മനുഷ്യന്റെ വിധി. രാജാവായിട്ടും ഞാൻ വീണു.

■പാപികൾ കള്ളത്തരം കൊണ്ടാണ് എന്നെ വീഴ്ത്തിയത്.നിങ്ങളെ ജീവനോടെ കണ്ടതിൽ എനിക്ക് സന്തോഷം തോന്നുന്നു.

■ക്ഷത്രിയധർമ്മം പാലിക്കുകയാൽ ഞാൻ സ്വർഗ്ഗലോകം നേടുക തന്നെ ചെയ്യും.

■നിങ്ങൾ എനിക്കുവേണ്ടി ചെയ്യാവുന്നതൊക്കെ ചെയ്തു. പക്ഷേ , വിധിയെ കവച്ചുകടക്കാവതല്ലല്ലോ.

എത്ര ഉന്നതിയിൽ ആയാലും എത്രമേൽ ഐശ്വര്യം ഉണ്ടായാലും അവയൊക്കെ ഒരുനാൾ ഇല്ലാതാവുകയും പരാജയപ്പെടുകയും ചെയ്യും എന്ന പാഠം ദുര്യോധനൻ നമുക്ക് പറഞ്ഞു തരുന്നു.

ഭൂമിയിലുള്ളതെല്ലാം ചഞ്ചലവും അസ്ഥിരവുമാണ് .

തുടർ പ്രവർത്തനങ്ങൾ :

1. പാഠസംഗ്രഹം തയ്യാറാക്കുക.
2. നാളിതുവരെ കണ്ട ദുര്യോധനനിൽ നിന്ന് പാഠഭാഗത്തെ ദുര്യോധനനിൽ എന്തൊക്കെ മാറ്റങ്ങളാണ് നിങ്ങൾ കാണുന്നത്. പാഠത്തിലെ മറ്റ് ഭാഗങ്ങളും വായിച്ച് ദുര്യോധനൻ എന്ന കഥാപാത്രത്തെ കുറിച്ച് കുറിപ്പ് തയ്യാറാക്കുക .

നവാസ് മന്നൻ
GHSS ശ്രീകണ്ഠപുരം